**അനുബന്ധം എച്ച് 4 നോട്ടീസ്**

[എം ഡി പി 53(4)-ാം ഖണ്ഡിക നോക്കുക]

ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് ആയ ശ്രീ. ബൈജു.എം.എസ്-നെ അറിയിക്കുന്നതെന്തെന്നാൽ, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15-ൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർപത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കൺട്രോളറുടെ 16.07.2024 ലെ LMD-HQ/955/2024-B6 നമ്പർ കുറ്റപത്രം മലപ്പുറം ഡെപ്യൂട്ടി കൺട്രോളർ മുഖേനയും കൺട്രോളറുടെ 18.10.2024 ലെ LMD-HQ/955/2024-B6 നമ്പർ പ്രകാരമുള്ള പരിഷ്കരിച്ച കുറ്റപത്രം 18.10.2024 തീയതിയിൽ ശ്രീ. ബൈജു.എം.എസ്, മുട്ടിക്കടവിൽ വീട്, ചെറുകളം പി.ഒ, കോട്ടായി, പാലക്കാട്, 678572 എന്ന താങ്കളുടെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് കത്തു മുഖേനയും അയച്ചിരുന്നു. എന്നാൽ താങ്കൾക്ക് 16.07.2024 തീയതിയിൽ നൽകിയിരുന്ന കുറ്റപത്രം താങ്കൾ കൈപ്പറ്റാൻ വിസമ്മതിച്ചതായി മലപ്പുറം ഡെപ്യൂട്ടി കൺട്രോളർ അറിയിക്കുകയും താങ്കൾ ക്ക് 18.10.2024 തീയതിയിൽ നൽകിയിരുന്ന കുറ്റപത്രം "RTS Unclaimed" എന്ന് രേഖപ്പെടുത്തി പോസ്റ്റൽ വകുപ്പിൽ നിന്നും തിരികെ ലഭിക്കുകയും ചെയ്തിരുന്നു. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർനടപടികൾ എടുക്കുന്നതുമാണ്. കുറ്റപത്രത്തിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കു മുമ്പ് കൺട്രോളർ കൺട്രോളറുടെ കാര്യാലയം, ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകികൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിൻമേലോ നിശ്ചിത സമയത്തിനകം താങ്കൾക്ക് വാങ്ങാവുന്നതാണ്.

ശിക്ഷണ അധികാരിയുടെ തസ്തികയും മേൽവിലാസവും : കൺട്രോളർ, ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയം, വൃന്ദാവൻ ഗാർഡൻസ്, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695 004.

20/11/24

കൺട്രോളർ,
ലീഗൽ മെട്രോളജി വകുപ്പ്

ശ്രീ. ബൈജു.എം.എസ്,
ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്,
ലീഗൽ മെട്രോളജി വകുപ്പ്.